# അക്കാദമിക മാസ്റ്റർ പ്ലാൻ

ജി എം യു പി എസ് പുത്തൻകടപ്പുറം

# അക്കാദമിക
# മാസ്റ്റർപ്ലാൻ

## Std 1

# അക്കാദമിക് മാസ്റ്റർപ്ലാൻ 2025-26

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സർവ്വവികസനമാണ് ഓരോ അധ്യാപകരും രക്ഷിതാവും ലക്ഷ്യം വയ്ക്കേണ്ടത്. എഴുത്ത് വായന വിവിധ വ്യവഹാരരൂപങ്ങൾ സ്വതന്ത്ര ആസ്വാദനങ്ങൾ ശില്പശാല സംയുക്തഡയറി സചിത്രപുസ്തകം സ്വതന്ത്രരചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർപ്ലാൻ വഴി ഭാഷയിലെ വിവിധങ്ങളാം (പ്രവർത്തനങ്ങൾ കൂടി സ്വയം സ്വായത്തമാക്കേണ്ടത എന്നത് ഉൾക്കൊണ്ടു) ഓരോ മാസവും വിവിധ പ്രവർത്തനപദ്ധതികളിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്രഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി, രക്ഷിതാവ്, അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെടുന്നതോടെ ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കേണ്ടതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഉള്ളതോടെയാണ് അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

* ഒന്നാംക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും, വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളെയും ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലളിതവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുവാൻ ഉറപ്പുവരുത്തുക.
* വിവിധ വ്യവഹാരരൂപങ്ങളിൽ ഏർപ്പെടൽ, നവമാധ്യമങ്ങളിൽ പങ്കിടൽ
* ലളിതമായ വാക്യങ്ങൾ നിർമ്മിക്കുന്നു, വായിക്കുന്നു.
* ലഘുരചനാശില്പശാലകൾ നടത്തുന്നു.
* ഡിജിറ്റൽ സാധ്യതകൾ, വായനക്കാർഡുകൾ എന്നിവ ഉപയോഗിച്ച്

ഭാഷയിലേക്ക് കുട്ടികളെ ആകർഷിക്കുന്നു.
ചിത്രങ്ങൾ നിരീക്ഷിച്ച് മറ്റുള്ളവരുടെ സഹായത്തോടെ ലഘുകവിതകൾ, ചെറുകഥകൾ എഴുതുന്നു. വായിക്കുന്നു.

* തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാപുസ്തകം രൂപപ്പെടുത്തുന്നു
* സ്വതന്ത്രവായനക്ക് അവസരം ഒരുക്കുന്നു.
* സർഗ്ഗശേഷികൾ തിരിച്ചറിയുന്നു.
* ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാരരൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
* പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
* കൊച്ചുചിത്രപുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തരാകുന്നു.
* സ്വതന്ത്രമായി എഴുതാനും വായിക്കാനും സംഘങ്ങളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
* നിർമ്മാണശില്പശാലയിൽ ഏർപ്പെട്ട് ചിത്രപുസ്തകം തയ്യാറാക്കുന്നു.
* സംയുക്തഡയറി രൂപപ്പെടുത്തുന്നു.

## ജൂൺ പ്രവർത്തനങ്ങൾ

* ചിത്രകാർഡ്, ചിത്രപുസ്തകം, കഥാപാത്രമുഖംമൂടികൾ തയ്യാറാക്കൽ
* ചിത്രഡയറി, സംയുക്തഡയറി എന്ന ആശയം കുട്ടികളെ പരിചയപ്പെടുത്തുന്നു.
* കഥാപാത്രമായി മാറാൻ അവസരം.
* ചിത്രക്കാർഡുകൾ വായനക്കാർഡുകൾ നിർമ്മാണശില്പശാല.
* താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ.

## ജൂലൈ

* സംയുക്തഡയറി എഴുതാൻ സഹായം ഒരുക്കൽ. * കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ * വായനാമൂല, ക്ലാസ്സ്‌ലൈബ്രറി ഒരുക്കൽ
* രക്ഷിതാവിന്റെ സഹായത്തോടെ സംയുക്തഡയറി എഴുതുന്നു
* പുസ്തകങ്ങൾ തൊട്ടറിയാനും നിറം തിരിച്ചറിയാനും അവസരം ഒരുക്കൽ * ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു. അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചുവരുന്ന അക്ഷരം കണ്ടെത്തുന്നു.
* ചിത്രവായനക്ക് അവസരം ഒരുക്കുന്നു. വായിച്ചവ പറയാനും അവസരം നൽകുന്നു.

## ഓഗസ്റ്റ്

* റീഡേഴ്സ് തിയേറ്റർ, നിർമ്മാണശില്പശാല, പാട്ടരങ്ങ് മുതലായ പ്രവർത്തനങ്ങൾ
* ഭാഷാവികസനത്തിന് അവസരം ഒരുക്കുന്നു. സംയുക്തഡയറി എഴുതുന്നു.
* പാഠപുസ്തകങ്ങൾ ഭംഗിയായി അവതരിപ്പിക്കുന്നു.
* അക്ഷരപ്പാട്ടുകൾ, ചിത്രവായനകാർഡുകൾ തയ്യാറാക്കി അവതരിപ്പിക്കുന്നു

വായനോത്സവത്തിൽ കുട്ടികൾ സ്വതന്ത്രരചനകൾ നടത്താൻ അവസരങ്ങൾ നൽകുന്നു. ഭാവാത്മക വായനയിലേക്ക് നയിക്കുന്നു.

* ആശയ ഗ്രഹണത്തിലൂടെ വ്യവഹാരരൂപങ്ങളിൽ ഏർപ്പെടുന്നു.

## സെപ്തംബർ

* സംയുക്തഡയറി മെച്ചപ്പെടുത്താൻ അവസരം ഉണ്ടാകുന്നു
* സ്വതന്ത്രരചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
* സംയുക്തഡയറി മെച്ചപ്പെടുന്നു.
* അനുഭവാവിഷ്കാരം സ്വാഭാവികമാക്കാൻ അവസരം ഒരുക്കുന്നു.
* വ്യത്യസ്തരചനകൾക്ക് അവസരം ഒരുക്കുന്നു.
  കുട്ടികളെ സ്വതന്ത്രരചയിതാക്കളും വായനക്കാരുമായി മാറുന്നു.

## ഒക്ടോബർ

* വായനോത്സവം സംഘടിപ്പിക്കുന്നു.
* ആസ്വാദ്യകരമായ വായന നടത്തുന്നു.
* ചിത്രവായനക്ക് അവസരം ഒരുക്കുന്നു.
* മലയാളോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്രരചനകൾ പ്രദർശിപ്പിക്കുന്നു.
* ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാക്കുന്നു.
* കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായി അവതരിപ്പിക്കുന്നു.
* വിവിധ വാരങ്ങളെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.

## നവംബർ

* സംയുക്തഡയറി എഴുത്ത് മെച്ചപ്പെടുത്തി സ്വതന്ത്രരചനകൾ ഒരുക്കുന്നു
* കൂട്ടവായന, നാടകവായന, വീട്ടുവായന ചിത്രവായന പ്രോത്സാഹിപ്പിക്കാൻ
* വായനോത്സവം തുടങ്ങുന്നു. മലയാളോത്സവം തുടങ്ങുന്നു. പത്രവായനക്ക് അവസരം
* താളാത്മകമായി കവിതകൾ ചൊല്ലൽ
* സംയുക്തഡയറിയിൽ കുറിപ്പ് എഴുത്ത് ക്രമീകരിക്കുന്നു.
* ചിത്രവായന നടത്തുന്നു.
* ചെറിയ ചെറിയ വായനാസാമഗ്രികൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച്
* പുസ്തകം ഉപയോഗിച്ച് കൂട്ടവായന നടത്തുന്നു
* ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്രവായനക്കാരാക്കുന്നു.
* നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രങ്ങൾക്ക് ചേർന്ന കഥകൾ എഴുതുന്നു ചിത്രം വരയ്ക്കുന്നു.
* ദൈനംദിന അനുഭവങ്ങൾ വാർത്തരൂപത്തിൽ ചേർത്ത് എഴുതുന്നു.
* ക്ലാസ് പത്രം പ്രസിദ്ധപ്പെടുത്തുന്നു.

## ഡിസംബർ

പ്രവർത്തനങ്ങൾ:-

* ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കാം
* രചനാശേഷി പരിപോഷിപ്പിക്കൽ
* ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാതെ ഡയറിയിൽ എഴുതുന്നു
* രണ്ടോ മൂന്നോ വാക്യങ്ങളുള്ള ചെറുകുറിപ്പുകളായി തനിയെ പറയുന്ന സഹായമില്ലാതെ തയ്യാറാക്കുന്നു.
* ലഘുകുറിപ്പുകൾ, കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
* കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും കഴിയുന്നു.
* രചനാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* പദപ്രശ്നം, ചിത്രങ്ങൾ മറ്റും ഇവയിലൂടെ പരിപോഷിപ്പിക്കുന്നു.
* സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

## ജനുവരി

* കുട്ടികളെ എഴുത്തിന്റെ ലോകത്ത് എത്തിക്കാനായുള്ള ലഘുവായനശാലകൾ നടത്തുന്നു.
* തിരുത്തൽ വായനകൾ, വായനാക്കുറിപ്പുകൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്രവായനക്കാരാക്കുന്നു.
* കുട്ടികൾ എഴുതിയ ചെറുകവിതകൾ, കഥകൾ എന്നിവയുടെ പ്രദർശനം.
* സംയുക്തഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു.
* കുട്ടികളുടെ സർഗശേഷിയെ സമൂഹത്തിനുമുന്നിൽ അവതരിപ്പിക്കുന്നു.
* ആശയവിനിമയങ്ങളെ സ്വതന്ത്രമായി വായിക്കാനുള്ള അവസരങ്ങളൊരുക്കുന്നു.
* കുട്ടികളുടെ സ്വതന്ത്രരചനകൾ ചേർത്ത് തയ്യാറാക്കുന്ന പുസ്തകം തയ്യാറാക്കുന്നു.
* മികവുകൾ സമൂഹത്തിനുമുന്നിൽ പ്രദർശിപ്പിക്കുന്നു.

## ഫെബ്രുവരി

* ഭാഷോത്സവം, രചനോത്സവം എന്നിവ ക്ലാസ്സ്തലത്തിൽ നടപ്പിലാക്കുന്നു.
* കുട്ടികളുടെ രചനകൾ മാഗസിനാക്കുന്നു.
* സ്വതന്ത്രമായി വായിക്കാനും എഴുതാനും അവസരം ഒരുക്കുന്നു.
* ആശയങ്ങൾ ഉൾക്കൊണ്ട് സംഭാഷണങ്ങൾ നടത്തുന്നു.
* കുട്ടികളുടെ മികവുകൾ സമൂഹത്തിനുമുന്നിൽ പ്രദർശിപ്പിക്കുന്നു.

## മാർച്ച്

* കുട്ടികളുടെ രചനകൾ പുസ്തകരൂപത്തിൽ പ്രകാശനം. * മികവാർന്ന കുട്ടികളുടെ നാടകവും ദൃശ്യാവിഷ്കാരം. * ഓരോ കുട്ടിക്കും ഉറപ്പാക്കൽ

## വിഷയം : ഗണിതം

ആമുഖം:- ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതരപ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം ചിന്തകളിൽ പോകാതെ മുഖ്യധാരയിൽ എത്തിക്കാൻ കുട്ടികളെ ലക്ഷ്യമിടുന്നവരാണ്. ഇതിനായി ഒന്നാം ക്ലാസ്സിനിന് തന്നെ തങ്ങൾ സംസാരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യമാക്കുന്നതാണ്.

* ഒന്നുമുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
* ഒന്നുമുതൽ അഞ്ച് വരെയുള്ള എണ്ണത്തെ ഉപാധി, ഇല്ല്യം വിശദീകരിക്കുന്നു.
കൂട്ടൽ, കുറവ് എന്നിങ്ങനെ വ്യാഖ്യാനിക്കുന്നു.
* അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
* ഒറ്റസംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
* ഒമ്പതിൽ താഴെവരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് ഏത് കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടുമെന്ന് കണ്ടെത്തി പറയുന്നു.
* സംഖ്യകളെ ആരോഹണ അവരോഹണക്രമത്തിൽ എഴുതുന്നു.
* രണ്ട് അക്ക സംഖ്യകളുടെ സങ്കലനം, വ്യവകലനം.
* ഒറ്റസംഖ്യകളുടെ വ്യാഖ്യാനം.
* 1 മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുന്നു.
* ഒറ്റസംഖ്യാ പാറ്റേൺ രൂപീകരിക്കൽ.
* ഒറ്റസംഖ്യയും ഇരട്ടസംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിന് കഴിവ് നേടുന്നു.

ജൂൺ
* സംഖ്യകൾ തിരിച്ചറിയുന്നു പറയുന്നു * സംഖ്യാകാർഡ് നിർമ്മിക്കൽ

ജൂലൈ
* ഗണിതകിറ്റ് തയ്യാറാക്കുന്നു. സംഖ്യാകാർഡ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്
* ഒന്നുമുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
* കൂട്ടൽ, കുറവ് തിരിച്ചറിയുന്നു.
* ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിതപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്തംബർ
* സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ
* രണ്ടക്കസംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ നടത്തൽ, വ്യവകലനക്രിയകൾ നടത്തൽ

* ഒന്നിനോടൊന്ന് കൂട്ടിയാൽ അടുത്തസംഖ്യ കിട്ടും എന്ന തിരിച്ചറിവ്
* സംഖ്യാഗാനങ്ങൾ ആലപിക്കൽ.

## ഒക്ടോബർ

* ഒറ്റസംഖ്യ ഇരട്ടസംഖ്യ തിരിച്ചറിയൽ
* ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ് * വലിയസംഖ്യ ചെറിയസംഖ്യ തിരിച്ചറിയൽ.
* ഉല്ലാസഗണിതപ്രവർത്തനങ്ങൾ.

## നവംബർ

* സംഖ്യാഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു.
* ഒറ്റയക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ഡിസംബർ.

* സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ
* ഗണിത ആൽബം തയ്യാറാക്കൽ

## ജനുവരി

* ഒറ്റയക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* സങ്കലനം വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
* ഒന്നുമുതൽ 10 വരെയുള്ള സംഖ്യകളുടെ വ്യാഖ്യാനിക്കുന്നു.

## ഫെബ്രുവരി

* ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
* വിലവിവരപ്പട്ടിക, പ്രശ്നവിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## മാർച്ച്

* ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റ് കംപ്ലീറ്റ് ചെയ്യുന്നു.
* ലഘുവായ ഗണിതപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* ഉല്ലാസഗണിതം പ്രവർത്തനങ്ങൾ
* സംഖ്യകളുടെ പകുതി, ഇരട്ടി എന്നിവ തിരിച്ചറിയുന്നു.

# English

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently like malayalam. We have to keep the language English close to our heart.

The academic masterplan is designed to ensure that not a singe child goes illiterate

## Objectives and learning outcomes.

- Respond to simple instructions in the classroom.
- Describe orally about the pictures and objects
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their youngones and identifies them from pictures

### JUNE

- Introduce symbol words
- provide picture cards.

### JULY

- Identify familiar words
- Say familiar words
- Read familiar words
- write familiar words.

### August

- Enjoy songs and sings them with Rhythm and action
- Describes orally about pictures and objects using adjectives.

### September

- Read and write simple words and simple sentences.
- Provide picture cards and reading cards.

### OCTOBER

- Introduce symbol pictures description
- make word chain, sentence chain
- make riddles.
- Describing words, rhyming words
- Text book activities

### NOVEMBER

- Prepare reading cards
- Provide more opportunities to read, write and speak English.
- Write five English words daily

### December

- Read and understand simple instructions in the classroom.
- Encourage digital reading

JANUARY

- Enjoy Songs and sings them with Rhythm and action
- make picture album.
- collect pictures of animals and its young ones.

February

- provide the opportunity to express myself in the classroom.
- English assembly once in a week.

march.

- speak English fluently
- Read and write simple sentences.
- picture reading and picture description

# അക്കാദമിക

# മാസ്റ്റർപ്ലാൻ

# Std 2

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## Std II

**അക്കാദമിക് മാസ്റ്റർ പ്ലാൻ – രണ്ടാം ക്ലാസ്**

**ലക്ഷ്യം:** രണ്ടാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പൊതുതത്വങ്ങൾ:

* കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
* സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
* സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
* സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.
* കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

# മധുരം മലയാളം (ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | ചുമതലകൾ | കാലം | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ. | SRG, ക്ലാസ് ടീച്ചർ | ലക്ഷ്യം നേടുന്നത് വരെ | PTA ഫണ്ട് |
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ | പഠനം എളുപ്പമാക്കുക | HM SRG ക്ലാസ് ടീച്ചർ | വർഷം മുഴുവൻ | PTA |
| വായിക്കാം വളരാം. | വായനാശേഷി വളർത്തൽ | HM SRG ടീച്ചർ | വർഷം മുഴുവൻ | PTA |
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ – പുസ്തക പരിചയം | വായനാശീലം വളർത്തുക, ലൈബ്രറി ഉപയോഗപ്പെടുത്തുക. | HM SRG ടീച്ചർ | വർഷം മുഴുവൻ | PTA CPTA |
| വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, പുസ്തക സംവാദം. | വായനയുടെ ആഴം വർദ്ധിപ്പിക്കുക. | HM SRG ടീച്ചർ | വർഷം മുഴുവൻ | CPTA |
| എഴുതാം തെളിയാം. | എഴുത്ത് പരിപോഷിപ്പിക്കൽ | SRG, ക്ലാസ്ടീച്ചർ | പ്രതിമാസം (വർഷം മുഴുവൻ) | PTA. |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും | സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും | ക്ലാസ് ടീച്ചർ രക്ഷിതാവ് | ജൂൺ– മാർച്ച് | CPTA (₹ 2000) |

| പ്രവർത്തനം | ലക്ഷ്യം | ചുമതലകൾ | കാലം | സാമ്പത്തികം |
|---|---|---|---|---|
| നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ | കഴിയുന്നു. സ്വതന്ത്രരചന നടത്താനുള്ള ശേഷി നേടുന്നു. | [illegible] | | |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖനശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ | ക്ലാസ് ടീച്ചർ | ആവശ്യാനുസരണം. | |
| കണ്ടറിയാം.... കേട്ടറിയാം.... രുചിച്ചറിയാം.... | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | ക്ലാസ് ടീച്ചർ | ആവശ്യാനുസരണം. | PTA |
| രുചിച്ചറിയാം.... | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | SRG, ക്ലാസ് ടീച്ചർ PTA. | വർഷത്തിലൊന്ന് | |
| ഓർക്കാം അഭിമാനിക്കാം (സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മ ദിനങ്ങൾ ആചരിക്കൽ. | SRG ക്ലാസ് ടീച്ചർ, CPTA | ആവശ്യാനുസരണം. | |
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | HM SRG CPTA ക്ലാസ് ടീച്ചർ | | PTA |
| സർഗോത്സവം / കലാവതരണം. | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | SRG CPTA ക്ലാസ് ടീച്ചർ | വർഷത്തിലൊരിക്കൽ. | PTA. |
| | | | | |

## 4. വിരിയുന്ന ചിന്തകൾ (ഇംഗ്ലീഷ് ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തിക |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ. | ആഴ്ചയിൽ രണ്ടു ദിവസം (വർഷം മുഴുവൻ) | ക്ലാസ്ടീച്ചർ | |
| ഇംഗ്ലീഷ് ഡയറി. | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി. | ആഴ്ചയിൽ മൂന്നു ദിവസം. (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മകത പരിപോഷണം. | മാസത്തിലൊന്ന് | ക്ലാസ്ടീച്ചർ | SMC |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകത, രചനശേഷി വികസനം. | മൂന്ന് മാസം കൂടുമ്പോൾ/ മാസത്തിലൊരിക്കൽ. | HM, ക്ലാസ് ടീച്ചർ, SMC | SMC |
| ഇംഗ്ലീഷ് കൈയെഴുത്ത് | രചനാമികവ് | മാസത്തിലൊന്ന് | ക്ലാസ്ടീച്ചർ | PTA |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം. | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ്ടീച്ചർ | രക്ഷിതാക്കൾ |
| ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ. (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ). | വർഷത്തിലൊന്ന് (അവധിക്കാലം) | SRG SMC ക്ലാസ്ടീച്ചർ | PTA ഫണ്ട് |

5. കളിക്കാം ഗണിക്കാം - (ഗണിതപഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തിക |
|---|---|---|---|---|
| വിവിധതരം കളികൾ | ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം | ഗണിത ശാസ്ത്രപഠനം രസകരമാക്കൽ കരചലനശേഷി വികാസം | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | PTA |
| ഗണിതലാബ് | ഗണിത പഠനം സുതാര്യമാക്കൽ ഗണിതലാബ് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിതച്ചുമർ | ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | വർഷം മുഴുവൻ | ക്ലാസ്ടീച്ചർ | P.TA |
| ഗണിത പഠനോപകരണ ശില്പശാല | പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | | SRG, ക്ലാസ്ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| ഗണിതമേള | ഗണിതശേഷി കുട്ടികളുടെ പ്രകടനം | വർഷത്തിലൊന്ന് | SRG ക്ലാസ്ടീച്ചർ | PTA |

6. അറിയാം... അടുത്തറിയാം (പരിസരപഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സഹായികൾ |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണം അറിവ് നിർമ്മാണം | ആവശ്യാനുസരണം | HM CPTA | PTA |
| ശാസ്ത്രമേള | ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | വർഷം മുഴുവൻ | HM SRG, ടീച്ചർ | PTA SSA |
| ശാസ്ത്രയാത്ര | ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണത്വര വളർത്തൽ | | HM SRG CPTA ക്ലാസ്ടീച്ചർ | |
| ഭൂപടമൊരുക്കാം | ഭൂപടവായന ഭൂപടരചന സൂചിക | വർഷത്തിലൊന്ന് | SRG ക്ലാസ്ടീച്ചർ | |

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

## Std 3

Std : 3 മലയാളം

①

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മലയാളം ശുദ്ധമായി എഴുതാനും വായിക്കാനും സംസാരിക്കാനും കഴിയുക. | • സന്നദ്ധതാ പ്രവർത്തനങ്ങൾ : ജൂൺ<br>• പ്രീടെസ്റ്റ് (കുട്ടിയെ അറിയാം) - ജൂൺ<br>• ശബ്ദശേഖരം (vocabulary) വർധിപ്പിക്കൽ<br>• എഴുത്ത്, വായന, സംസാരശേഷി വർധിപ്പിക്കാനുള്ള അവസരങ്ങൾ നൽകൽ (കടങ്കഥകൾ, കഥോത്സവം, പഴഞ്ചൊല്ലുകൾ, നാടൻപാട്ടുകൾ, വായനക്കുറിപ്പ്, ഡയറി)<br>• റീഡേഴ്സ് തിയേറ്റർ<br>• ക്ലാസ് PTA കൾ | ജൂൺ മുതൽ മാർച്ച് വരെ. | SRG<br>ക്ലാസ് ടീച്ചർ. | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- |
| • നിർദേശങ്ങൾ പാലിക്കാനുള്ള ശേഷിയും വായനാശേഷിയും വർദ്ധിപ്പിക്കുക. | • ഭാഷാ ഗെയിമുകൾ,<br>• ഭാവാത്മക വായന.<br>• കഥപറയൽ.<br>• കഥ കേൾക്കൽ.<br>• ചിത്രവായന.<br>• ശേഖരണം - കടങ്കഥ, പഴഞ്ചൊല്ല് - അവതരണം.<br>• അനുഭവ വിവരണം.<br>• ചിത്രത്തിൽ നിന്നും വാക്കുകൾ, വാക്യങ്ങൾ നിർമ്മിക്കൽ.<br>• പാഠപുസ്തകവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. | ജൂൺ / ജൂലൈ. | SRG, ക്ലാസ് ടീച്ചർ CPTA | PTA |

③

| | | | | |
|---|---|---|---|---|
| • സൃഷ്ടിപരമായ എഴുത്ത്, സംസാരശേഷി വിദ്യാർത്ഥികളെ വികസിപ്പിക്കുക. | • കഥാപാത്രങ്ങൾ വായിക്കൽ, കഥാപൂരണം.<br>• വായനാക്കൂട്ടങ്ങൾ<br>• പുസ്തക പരിചയം.<br>• വാക്കുകളും വാക്യങ്ങളും നിർമ്മിക്കൽ<br>• ചോദ്യോത്തര പയറ്റ്.<br>• വരികൾ കൂട്ടിച്ചേർത്ത് എഴുതൽ<br>• ക്ലാസ് ലൈബ്രറി. | ആഗസ്റ്റ് / സെപ്റ്റംബർ | SRG<br>ക്ലാസ്ടീച്ചർ<br>CPTA | PTA |
| • സംഘപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ജനാധിപത്യ മൂല്യങ്ങൾ സ്വാംശീകരിക്കൽ | • റോൾപ്ലേ പാവനാടകം<br>• പലഹാരമേള<br>• സ്കൂൾ പത്രം.<br>• കത്ത് - ഹരിതകർമ്മസേനാംഗങ്ങൾക്ക്<br>• വിമല വിദ്യാലയം - ശുചിത്വ പരിപാടി + പോസ്റ്റർ. | സെപ്റ്റംബർ / ഒക്ടോബർ | SRG<br>ക്ലാസ്ടീച്ചർ<br>CPTA | |

④

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| സർഗോത്സവം. സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാരരൂപങ്ങളുടെ അവതരണം. (കത്ത്, റോൾപ്ലേ, പാവനാടകം, സംഭാഷണം, കഥ, കവിത) etc. മാജിക്ഷോ. | വർഷാവസാനം ജൂൺ മുതൽ മാർച്ച് വരെ | HM CPTA SRG ക്ലാസ്ടീച്ചർ. | |
| അക്ഷരത്തെറ്റ് കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ. | · അനുഭവക്കുറിപ്പ്. · പോസ്റ്റർ · കത്ത്. · കഥ. · അറിയിപ്പ്. · സംഭാഷണം. | ഡിസംബർ മുതൽ മാർച്ച്വരെ. | | |

Std : 3 **പരിസരപഠനം** ൧

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| • താൻ ജീവിക്കുന്ന ചുറ്റുപാടിനെ കുറിച്ച് ധാരണ ഉണ്ടാക്കൽ.<br>• സസ്യലോകത്തെ വൈവിധ്യം ആസ്വദിക്കൽ.<br>• ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള മനോഭാവം വളർത്തൽ. | • നിരീക്ഷണം.<br>• സസ്യങ്ങളെ തരംതിരിക്കൽ<br>• പരിസര നടത്തം.<br>• ലഘുപരീക്ഷണങ്ങൾ<br>• പ്രവർത്തന റിപ്പോർട്ട്.<br>• ഹരിതകാർഡ്.<br>• ജലസ്രോതസ്സുകൾ.<br>• ജൈവ വൈവിധ്യ ഉദ്യാനം.<br>• ജീവികളെ തരംതിരിക്കൽ<br>• നിരീക്ഷണം - ചിത്രശലഭങ്ങൾ,<br>• ശലഭ ഉദ്യാനം.<br>• ഫീൽഡ് ട്രിപ്പ്. | ജൂൺ മുതൽ ആഗസ്റ്റ് വരെ | SRG<br>ക്ലാസ്ടീച്ചർ<br>HM<br>CPTA | PTA |

Std 3 പരിസരപഠനം



| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതിസംരക്ഷണം | • മണ്ണ്, ജലം, വായു സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.<br>- ലഘുപരീക്ഷണങ്ങൾ<br>- മഴമാപിനി നിർമ്മാണം<br>- പോസ്റ്റർ നിർമ്മാണം<br>- മഴക്കുഴി നിർമ്മാണം<br>- മണ്ണടിഞ്ഞറിവ്<br>- മൺരൂപങ്ങൾ<br>- പ്രദർശനം<br>- മണ്ണ് ശേഖരണം<br>- പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ്മസേനയ്ക്ക് കൈമാറൽ | ആഗസ്റ്റ് സെപ്തംബർ | SRG കൺവീനർ | CPTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| വ്യക്തിശുചിത്വം.<br>പരിസരശുചിത്വം. | • കൈ കഴുകൽ - പരിശീലനം.<br>• പോസ്റ്റർ നിർമ്മാണം.<br>• ശുചിത്വ സന്ദേശങ്ങൾ.<br>• ഡ്രൈഡേ.<br>• നാടകം.<br>• കമ്പോസ്റ്റ് കുഴി | ഒക്ടോബർ മുതൽ ഡിസംബർ വരെ | SRG കമ്മിറ്റി | |
| ആരോഗ്യകരമായ ആഹാരശീലങ്ങളെ കുറിച്ച് അവബോധം ഉണ്ടാവുക. | • ഫീൽഡ് ട്രിപ്പ് - പച്ചക്കറികൾ, കൃഷിയിടം.<br>• അഭിമുഖം - കർഷകർ.<br>• ആരോഗ്യകാർഡ്<br>• സാലഡ് നിർമ്മാണം.<br>• ഭക്ഷ്യമേളത്തോടും.<br>• ചാർട്ട് - ആഹാരശീലങ്ങൾ.<br>• പോസ്റ്റർ | | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കൽ | · ഫീൽഡ്ട്രിപ്പുകൾ .<br>· ശാസ്ത്രമേള<br>· പരീക്ഷണങ്ങൾ<br>· നിരീക്ഷണം.<br>· പരിസര നടത്തം.<br>· ചിത്രീകരണം.<br>· പോസ്റ്ററുകൾ .<br>· ശേഖരണം . | വർഷം മുഴുവൻ . | SRG ക്ലാസ്ടീച്ചർ | PTA |
| ട്രാഫിക് ബോധവത്കരണവും പ്രഥമശുശ്രൂഷയും . | · വീഡിയോ പ്രദർശനം .<br>· റോൾപ്ലേ.<br>· ട്രാഫിക് ചിഹ്നങ്ങൾ<br>· പോസ്റ്റർ<br>· പ്രഥമശുശ്രൂഷപ്പെട്ടി ഒരുക്കൽ .<br>· | | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- |
| ഭൂപടവായന, ഭൂപട രചന | ഭൂപടനിർമ്മാണം. കേരളം - ഇന്ത്യ ഭൂപട വായന. ജില്ലകളെ അറിയൽ | ജനുവരി ഫെബ്രുവരി. | SRG ക്ലാസ്ടീച്ചർ | PTA. |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | ശാസ്ത്രോത്സവം. പഠന ഉൽപന്നങ്ങളുടെ പ്രദർശനം - [പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം etc] | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ് III

ഗണിതം.

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പ്രീ-ടെസ്റ്റ് | × ഗണിതത്തിൽ പ്രയോഗ പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രയാസമുള്ള കുട്ടികളെ കണ്ടെത്തുന്നു.<br>× ഓരോ കുട്ടിയും ഏത് മേഖലയിലാണ് പ്രയാസം നേരിടുന്നതെന്ന് കണ്ടെത്തുന്നു<br>× ലഘു നിർമ്മാണ രീതിയുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ-ആഗസ്റ്റ് | ക്ലാസ് ടീച്ചർ | പി.ടി.എ. |
| 2 | ജ്യാമിതീയ രൂപങ്ങളെ തിരിച്ചറിയുന്നു നിർമ്മിക്കുന്നു. | × നിർമ്മാണങ്ങളിലൂടെ ജ്യാമിതീയ രൂപങ്ങളുടെ ഭംഗി തിരിച്ചറിയുന്നു.<br>× ജ്യാമിതീയ രൂപങ്ങൾക്ക് നിറം നൽകി ഭംഗിയുള്ള പാറ്റേണുകൾ ഉണ്ടാക്കുന്നു. | ജൂൺ -ജൂലായ് | എസ്.ആർ.ജി ക്ലാസ് ടീച്ചർ | — |

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പൊതുവിഭവങ്ങൾ |
|---|---|---|---|---|---|
| 3 | സംഖ്യാ ബോധം (1 മുതൽ 10 വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു) | <u>നറുക്കെടുക്കാം</u><br>× സംഖ്യകൾ എഴുതിയ നറുക്ക് നൽകുന്നു.<br>× കിട്ടിയ സംഖ്യ വായിക്കുന്നു<br>× മറ്റുള്ളവർ എഴുതുന്നു | ജൂൺ - ജൂലായ് | ക്ലാസ് ടീച്ചർ നരിത അധ്യാപകർ | പി.ടി.എ. |
| | | <u>കൂട്ടുകാർ ആര്</u><br>× സംഖ്യ നറുക്കെടുക്കുന്നു<br>× കിട്ടിയ സംഖ്യ വായിച്ച ശേഷം തുടർന്നു വരുന്ന സംഖ്യകൾ കണ്ടെത്തുന്നു | | | |
| | | <u>ക്രമത്തിലാക്കാം</u><br>× വസ്തുക്കളിലെ സംഖ്യകൾ നൽകുന്നു.<br>× ഇവയെ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതുന്നു. | | | |
| | | | | | |

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| 4 | ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. | <u>സംഖ്യാചക്രം</u><br>* സംഖ്യാ ചക്രം കറക്കി കിട്ടുന്ന സംഖ്യകൾ തമ്മിലുള്ള<br>× അവയുടെ സങ്കലനം വ്യവകലനം നിർവഹിക്കുന്നു | ജൂലായ് ആഗസ്റ്റ് | ക്ലാസ് ടീച്ചർ ഗണിത അധ്യാപകൻ | പി.ടി.എ. |
| | | <u>ബുദ്ധിമാൻ?</u><br>ബോർഡിൽ സംഖ്യ എഴുതുന്നു വിവിധ ക്രിയകൾ അടങ്ങിയ നമ്പർ കാർഡുകൾ ക്രിയ ചെയ്യാൻ അവസരം.<br>ആദ്യം ഉത്തരമെഴുതി ബോർഡിൽ അധ്യാപകൻ ചെയ്യിക്കുന്നു. | ജൂലായ് ഫെബ്രുവരി | | |
| | | <u>ഡൈസ് കളി</u><br>- ഒരു ഡൈസിന്റെ ഭാഗങ്ങളിൽ മൂന്നക്ക സംഖ്യകൾ എഴുതുന്നു<br>- കുട്ടികൾ കൂട്ടമായി ഒന്ന് വീതം ഡൈസ് ഇടാൻ അവസരം<br>- ഇവയുടെ സങ്കലനം, വ്യവകലനം. | ജൂലായ്- മാർച്ച്. | | |

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 5 | പോരായ്മ പ്രശ്നങ്ങൾ പരിഹരിക്കൽ | ക്ലാസിലെ കട<br>- കുട്ടികൾ ക്ലാസിൽ ഒരു കട ക്രമീകരിക്കുന്നു.<br>- പേന, അളവ് പാത്രം നൽകുന്നു.<br>- ആവശ്യമുള്ള വസ്തുക്കൾ ഒരുക്കുന്നു.<br>- കുട്ടികൾക്ക് ഉപയോഗിക്കാൻ സാധനങ്ങൾ വാങ്ങുന്നു. | ജനുവരി മാർച്ച് | ക്ലാസ് ടീച്ചർ ഗണിതാധ്യാപകർ | PTA |
| | | | | | |

# Acadamic Master Plan

STD III ENGLISH

| No | Aims | Activity | Duration | charge | Financial Sources |
|---|---|---|---|---|---|
| 1 | Complete the Speech bubble of the given Context. | -Teacher ask the Children to fill in the Speech bubble in the T.B<br>-Encourage them to write different expression<br>-Teacher asks slow Pace learners to find out dialogue from TB | June March | English Teacher | — |
| 2 | Add more Lines to a Poem following a set of Pattern | -Plays the audio to sing<br>*Write it on BB<br>-Let the learner sing<br>- Add more lines to Poem | June March | SRG English teacher | — |
| 3 | Identify the rhyming words from given Poem. | - Plays audio Song<br>- let them sing after audio<br>-Discussion<br>-Identify the rhyming word | June-March | Teacher | — |

| No | Aims | Activity | Duration | Charge | Financial Sources |
|---|---|---|---|---|---|
| 4 | Makes simple riddles | -gives children the opportunity to hear and answer simple riddles<br>-Makes simple riddles<br>-Show learners expresses their ideas in Malayalam | September - March | Teacher | Nil |
| 5 | undertaking Simple Project works | -gives instruction<br>-Data Collection<br>-codifying | August to March | Teachers<br>SRG<br>Parents | Nil |
| 6 | Create more opportunities for English speaking in the class room | -class room Communication Should be in English | August to March | Teacher | Nil |

# അക്കാദമിക മാസ്റ്റർ പ്ലാൻ

Std 4

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ ഭിന്നശേഷി വിദ്യാർത്ഥികൾക്ക് വായന വികസിപ്പിക്കുന്നു. | ഭാഷാപരമായി പിന്തുണ ആവശ്യമുള്ളവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ സാമഗ്രികൾ. ഇത്തരം കുട്ടികളുടെ നിലവിലെ ശേഷി വികസിപ്പിക്കുന്ന തരത്തിൽ വായനാസാമഗ്രികൾ തയ്യാറാക്കി പരിശീലനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | SRG, ക്ലാസ്ടീച്ചർ സ്പെഷ്യൽ എഡ്യുക്കേറ്റർ | PTA |
| മലയാളം ശുദ്ധമായി വായിക്കാനും സംസാരിക്കാനും കഴിയുക. | -ഇഷ്ടതാരങ്ങളെ ശേഖരിക്കുന്ന റീഡേഴ്സ് തിയേറ്റർ, ചിത്രവായന, യാത്രാനുഭവ വിവരണം, വാർത്താവായന, നാടകങ്ങൾ, പഴഞ്ചൊല്ലുകൾ, കവിത ഈണത്തിൽ ചൊല്ലൽ, നാടൻ പാട്ട് അവതരണം. | ജൂൺ മുതൽ മാർച്ച് വരെ | SRG, ക്ലാസ് ടീച്ചർ | PTA |
| ലേഖനശേഷി വർദ്ധിപ്പിക്കൽ, സ്വതന്ത്രമായ എഴുത്തിനെ പ്രോത്സാഹിപ്പിക്കൽ. | ഡയറി, സംഭാഷണം യാത്രാവിവരണക്കുറിപ്പ് തയ്യാറാക്കൽ, വാക്യനിർമ്മാണം, കവിതകളിലെ വരികൾ കൂട്ടിച്ചേർക്കൽ, കഥ, ഓണം ക്രിസ്തുമസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | PTA |

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുക. | നോട്ട്ബുക്ക്, പാഠപുസ്തകം, ക്ലാസിലൊരു സദ്യ. | | | |
| സർഗ്ഗാത്മക സൃഷ്ടിപരമായ എഴുത്തിനെയും വായനയെയും പ്രോത്സാഹിപ്പിക്കുക. | ക്ലാസ് ലൈബ്രറി, പുസ്തക പരിചയം, പതിപ്പ്, ഡോക്യുമെന്ററി പ്രദർശനം, കവിതാ പൂരണം, കഥാപൂരണം, കഥാ പുസ്തകങ്ങൾ വായിക്കൽ, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ, | സെപ്റ്റംബർ, ഒക്ടോബർ | | PTA. |
| സർഗ്ഗോത്സവം. സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കൽ പ്രദർശിപ്പിക്കുക. | കുട്ടികൾ നേടിയ കലാ ശേഷികളുടെയും അവതരണം | ജൂൺ – മാർച്ച്. | HM, CPTA, SRG ക്ലാസ്ടീച്ചർ. | PTA. |

# ഇംഗ്ലീഷ് - std : 4.

| ലക്ഷ്യം. | പ്രവർത്തനം. | കാലയളവ് | ചുമതലകൾ | സാമ്പത്തികം. |
|---|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും, സംസാരിക്കാനും, എഴുതാനും ശേഷി മെച്ചപ്പെടുത്തൽ | ഇംഗ്ലീഷ് അസംബ്ലി അസംബ്ലി ചേരൽ (നിയന്ത്രണം കുട്ടികൾക്ക്) | മാസത്തിൽ ഒരു ദിവസം. | ക്ലാസ് ടീച്ചർ. | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | ഇംഗ്ലീഷ് ഡയറി നിത്യവും വീട്ടിലും, വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ. | ആഴ്ചയിൽ മൂന്ന് | ക്ലാസ്ടീച്ചർ. | |
| സർഗ്ഗാത്മകതാ പരിപോഷണം. | ഇംഗ്ലീഷ് തിയേറ്റർ. ഇംഗ്ലീഷ് പാഠഭാഗങ്ങളെ ദൃശ്യാവതരണ രൂപങ്ങളായി അവതരിപ്പിക്കൽ. (Skit, Drama, Conversation, Story telling) | മാസത്തിലൊന്ന് | ക്ലാസ്ടീച്ചർ | SMC. |
| സർഗ്ഗാത്മകതാ രചനാശേഷി വികസനം. | ഇംഗ്ലീഷ് മാഗസിൻ. കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ. | വർഷത്തിലൊന്ന് | HM, ക്ലാസ്ടീച്ചർ, SMC. | SMC. |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ആത്മവിശ്വാസം ഉണ്ടാക്കൽ | ഇംഗ്ലീഷ് ഫെസ്റ്റ് വായനാ മത്സരം, രചനാ മത്സരം, മറ്റു സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | വർഷത്തിലൊന്ന് | SRC, SMC, ക്ലാസ് ടീച്ചർ. | PTA ഫണ്ട്. |

ഗണിതം.

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം. |
|---|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ, നടപ്പാക്കൽ. | ഗണിത പഠനം രസകരമാക്കൽ [ചതുഷ്ക്രിയകൾ ലളിതമാക്കൽ. | ജൂൺ - മാർച്ച്. | എസ്.ആർ.ജി, ക്ലാസ് ടീച്ചർ. | |
| ഒറിഗാമിയിലൂടെ പഠിക്കാം.<br>ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം. | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ.<br>ചലനശേഷി വികസനം | ജൂൺ - മാർച്ച് പാഠഭാഗത്തെ പ്രവർത്തനത്തിന് അനുബന്ധമായി. | ക്ലാസ് ടീച്ചർ. | PTA |
| ഗണിത ലാബ് | • ഗണിത പഠനം - സുതാര്യമാക്കൽ.<br>• ഗണിതലാബ് ഉപയോഗപ്പെടുത്തൽ. | ജൂൺ - മാർച്ച് | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ഗണിത പഠനോപകരണ ശില്പശാല. | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ. | ജൂൺ - മാർച്ച്. [വർഷത്തിൽ ഒന്ന്] | ക്ലാസ് ടീച്ചർ, CPTA, SRG. | |

## പരിസരപഠനം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
